

# നോമ്പ് അഞ്ചാം വ്യാഴം - ലൂക്കാ 18: 31-34

പീഡാനുഭവത്തെയും ഉത്ഥാനത്തെയുംക്കുറിച്ചുള്ള ഈശോയുടെ മൂന്നാം പ്രവചനമാണ് പ്രതിപാദ്യവിഷയം. ഈശോ ജറുസലേമിലേക്ക് പോവുകയെന്നാൽ കുരിശുമരണം ഏറ്റെടുക്കാൻ പോകുന്നുവെന്നാണർത്ഥം. ഈശോയുടെ പീഡാനുഭവ മരണത്തെക്കുറിച്ച് പ്രവാചകഗ്രന്ഥങ്ങളിൽ കാണുവാൻ കഴിയും. ‘‘ഒരാടിനെപ്പോലെ അവനെ വധിക്കാൻ കൊണ്ടുപോയി. രോമം കത്രിക്കുന്നവന്റെ മുമ്പിലെന്നപോലെ അവൻ നിശബ്ദനായി നിന്നു’’ (ഏശ 53: 7). ‘‘അവർ എന്റെ മേലങ്കിക്കുവേണ്ടി ചിട്ടിയിട്ടു’’ എന്ന സങ്കീർത്തനവാക്യവും (സങ്കീ 22: 18) ഈശോയുടെ പീഡാനുഭവ മരണത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. പ്രവാചകവചസ്സുകളുടെയോ ഈശോയുടെ പീഡാനുഭവ പ്രവചനത്തിന്റെയോ ഉൾപ്പൊരുൾ ശിഷ്യന്മാർ മനസ്സിലാക്കിയില്ല. അതുകൊണ്ടാണ് കർത്താവേ ഇതു നിനക്ക് സംഭവിക്കാതിരിക്കട്ടെയെന്ന് (മത്താ 16: 22) പത്രോസ്ശ്ലീഹാ തടസ്സപ്പെടുത്തുന്നതെന്ന് അലക്സാഡ്രിയായിലെ വി. സിറിൽ പ്രസ്താവിക്കുന്നു.

**ആരാധനക്രമകമ്മീഷൻ**

**മൗണ്ട് സെന്റ് തോമസ്,കാക്കനാട്** **Read More:www.syromalabarliturgy.org**